# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1526** **10-02-2020-ന് മറുപടിയ്ക്ക്**

**കാർഷിക മേഖലയിൽ നെതർലാൻഡിന്റെ നേട്ടങ്ങൾ പകർത്തുവാൻ നടപടി**

| ചോദ്യം<br>ശ്രീ. സണ്ണി ജോസഫ് | | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാർഷിക മേഖലയിൽ നെതർലാൻഡിന്റെ നേട്ടങ്ങളിലും അനുഭവങ്ങളിലും നമുക്ക് യോജിക്കുന്നവ പകർത്തി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (ബി) | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ കേരളത്തിൽ വയനാട്ടിലെ അമ്പലവയൽ പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ ഇൻഡോ-ഡച്ച് കർമ്മ പദ്ധതി പ്രകാരം പച്ചക്കറി-പുഷ്പവിളകളുടെ മികവിന്റെ കേന്ദ്രം സ്ഥാപിക്കുവാനായി തീരുമാനിച്ചിട്ടുണ്ട്. 13 കോടി രൂപ ചെലവ് കണക്കാക്കുന്ന പദ്ധതിയുടെ വിശദമായ അന്തിമ രൂപ രേഖ മിഷൻ ഫോർ ഇന്റഗ്രെയ്റ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) ന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 4 കോടി രൂപ ഈ പദ്ധതിക്കായി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ